**പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് കാര്യാലയം**

**ചെറായി പി.ഒ,പിൻ683514 ഫോൺനം:0484 -2488135**

**Email: pprmgpekm@gmail.com**

നമ്പർ: 4055045/2026 തീയതി-08.06.2026

**ലേലം/ക്വട്ടേഷൻ പരസ്യം**

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പരിധിയിൽ അപകടകരമായി നിൽക്കുന്ന താഴെ പറയുന്ന മരങ്ങൾ 23/06/2026 ചൊവ്വാഴ്ച്ച രാവിലെ 11.30 മണിക്ക് ലേലം ചെയ്യുന്നതാണ്.ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.ക്വട്ടേഷൻ നൽകുവാൻ താൽപ്പര്യമുള്ളവർ 22/06/2026 ന് 3 മണിക്ക് മുമ്പായി പഞ്ചായത്ത് ഓഫീസിൽ നൽകേണ്ടതാണ്.

| | ഇന വിവരം | നിരതദ്രവ്യം |
|---|---|---|
| അപകടകരമായി നിൽക്കുന്നത് | മഹാഗണിമരം -1എണ്ണം | |
| മുറിച്ചിട്ടത് | മഹാഗണി മരം-1എണ്ണം | 1000 |

ലേലനിബന്ധനകൾ

1) ക്വട്ടേഷനുകൾ നിരത ദ്രവ്യം അടച്ച രസീത് സഹിതം 22/06/2026 തീയതി ഉച്ചയ്ക്ക് 3.00 മണിവരെ സ്വീകരിക്കുന്നതും 23.06.2026 പകൽ 11.30 മണിക്ക് ലേലം നടത്തുന്നതും തുടർന്ന് ക്വട്ടേഷനുകൾഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലമാണോ ക്വട്ടേഷനാണോ ഏതാണ് കൂടുതൽ അത് താൽക്കാലികമായി അംഗികരിക്കുന്നതാണ്

2) താൽക്കാലികമായി അംഗീകരിക്കുന്ന ലേലം/ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് തുക അന്നേദിവസം 3 മണിക്ക് മുൻപായി ഓഫീസിൽ അടക്കേണ്ടതും ബാലൻസ് തുക ലേലം അംഗീകരിക്കുന്ന മുറയ്ക് അടയ്ക്കേണ്ടതുമാണ്.

3) പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് നടക്കുന്ന ലേലത്തിൽ പങ്കെടുക്കുന്നവർ അതാത് ഇനത്തിന് നേരെ രേഖപ്പെടുത്തിയ തുക നിരതദ്രവ്യമായി അടക്കേണ്ടതാണ്

4) യാതൊരുകാരണവും കൂടാതെ ലേലം നിറുത്തിവെയ്ക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്

5) നിയമാനുസരണമുള്ള നിരക്കിൽ മുദ്രപത്രത്തിൽ ഉടമ്പടി വെയ്ക്കേണ്ടതാണ്

6) നിലവിലുള്ളതും കാലാകാലങ്ങളിൽ സർക്കാർ മാറ്റാവുന്നതുമായ പൊതു നിയമങ്ങളും ചട്ടങ്ങളും ലേലനിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കും

7) ലേലം/ക്വട്ടേഷൻ കൊണ്ടയാൾ പരിസരവാസികളെ കഷ്ടപ്പെടുത്തുന്ന

പ്രവർത്തനങ്ങൾചെയ്യാൻ പാടുള്ളതല്ല

8) ലേലം കൊണ്ടയാൾ സ്വന്തം ഉത്തരവാദിത്തത്തിൽ ലേലം കൊണ്ട വസ്തുക്കൾ സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

9) ലേലം ലോക്കൽ ഫണ്ട് ഓഡിറ്റിന് വിധേയമായിരിക്കും. ഓഡിറ്റ് ചുമത്തുന്ന പിഴകൾ അടക്കുന്നതിന് ലേലം കൊണ്ടയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്

10) ലേലം ഉറപ്പിക്കുന്നയാൾ ലേലതുകയ്ക്ക് പുറമേ തുകയുടെ 18%ജി എസ് ടി അടക്കുന്നതിന്ബാദ്ധ്യസ്ഥരാണ്.

11).ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയായാൽതൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് തന്നെ ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. (ഫോൺ നം.04842488135 )

സെക്രട്ടറി

പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി
പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്
ചെറായി പി.ഒ. - 683514
ഫോൺ: 0484 - 2488135

OFFICE OF THE PALLIPURAM GRAMA PANCHAYAT CHERAI 683514

<u>പകർപ്പ്</u>

1.വില്ലേജ് ഓഫീസ് , പള്ളിപ്പുറം
2.വില്ലേജ് ഓഫീസ് കുഴുപ്പിള്ളി
3.വെറ്ററിനറി ഹോസ്പിറ്റൽ , ചെറായി
4.ആയുർവ്വേദ ഹോസ്പിറ്റൽ , പള്ളിപ്പുറം
5. .വി ഇ ഒ ഓഫീസ് ,പള്ളിപ്പുറം
6.പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസ്